**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 52** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>കേരള പോലീസ് വനിതാ ബറ്റാലിയനിലെ സ്ഥാനക്കയറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കേരള പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2017-ൽ തിരുവനന്തപുരത്ത് മേനംകുളം ആസ്ഥാനമായി രൂപീകരിച്ച വനിതാ ബറ്റാലിയനിൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച എത്ര സേനാംഗങ്ങൾ ജോലി ചെയ്യുന്നുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** വനിതാ ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് 04.08.2020 തീയതിയിലാണ് നിലവിൽ വന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമന ശിപാർശ ലഭിച്ച് നിയമിതരായ പോലീസ് കോൺസ്റ്റബിൾമാരിൽ 532 സേനാംഗങ്ങൾ അടിസ്ഥാന പരിശീലനം വിജയകരമായി പൂർത്തിയാക്കി. മറ്റ് ജോലികൾ ലഭിച്ച് വകുപ്പ് വിട്ട് പോയതും, കെ.സി.പി ട്രാൻസ്ഫർ ലഭിച്ച് വിവിധ പോലീസ് ജില്ലകളിലേക്ക് പോയതും, രാജി സമർപ്പിച്ച് പിരിഞ്ഞ് പോയതും ഡെസേർട്ടർ ആയി പ്രഖ്യാപിച്ചതും മരണപ്പെട്ടവരും ഒഴികെ, പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിതരായ 210 പോലീസ് കോൺസ്റ്റബിൾമാർ നിലവിൽ വനിതാ ബറ്റാലിയനിൽ പ്രവർത്തിയെടുത്തുവരുന്നു.

**(ബി)** 18.01.1984- ലെ ജി.ഒ (പി) നമ്പർ.6/84/ഹോം എന്ന സ്പെഷ്യൽ റൂൾ പ്രകാരം പ്രസ്തുത സേനാംഗങ്ങൾക്ക് ലീൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള അവസരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത ഉത്തരവിൽ സംസ്ഥാനാടിസ്ഥാനത്തിൽ രൂപീകൃതമായ വനിതാ പോലീസ് ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ലീൻ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ ഉൾപ്പെടുന്നില്ല.

**(സി)** വനിതാ ബറ്റാലിയനിൽ എട്ട് വർഷം മുൻപ് നിയമനം ലഭിച്ചവർ നിലവിലും കോൺസ്റ്റബിൾ തസ്തികയിൽ തുടരുമ്പോൾ 2021-ന് ശേഷം നിയമനം ലഭിച്ചവരെ ഹവിൽദാർ തസ്തികയിലേക്ക് പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

**<u>മറുപടി:</u>** കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകളും സീനിയോരിറ്റി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളും അടിസ്ഥാനമാക്കി ഹവിൽദാർ തസ്തികയിൽ

സ്ഥാനകയറ്റം നൽകുന്നതിനു സംസ്ഥാന പോലീസ് മേധാവി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** 2017-ൽ വനിതാ ബറ്റാലിയനിൽ നിയമിതരായവർക്ക് അവരുടെ സീനിയോരിറ്റി പരിഗണിച്ച് എത്രയും വേഗം ഹവിൽദാർ സ്ഥാനക്കയറ്റം നൽകുന്നതിനും വനിതാ ബറ്റാലിയനിലേയ്ക്ക് അവരുടെ ലീൻ ഷിഫ്റ്റ് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**മറുപടി:** കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ വ്യവസ്ഥകളും സീനിയോരിറ്റി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളും അടിസ്ഥാനമാക്കി ഹവിൽദാർ തസ്തികയിൽ സ്ഥാനകയറ്റം നൽകുന്നതിനു സംസ്ഥാന പോലീസ് മേധാവി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**